"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ വ്യവസ്ഥ - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

G.O.(Rt)No.1151/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം.03/2012/തസ്വഭവ; തീയതി 02.01.2012
2. സ.ഉ. (കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. സംസ്ഥാന പോലീസ് മേധാവിയുടെ 04.10.2023ലെ C2-21243/2023/PHQ നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.12.2023ലെ LSGD/PD/62922/2023-EMP4 നമ്പർ റിപ്പോർട്ട്
5. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 16.03.2024ലെ 1492/എസ്.ആർ.ജി./2023 നമ്പർ കത്ത്.
6. സംസ്ഥാന പോലീസ് മേധാവിയുടെ 31.05.2024ലെ C2-93587/2024/PHQ നമ്പർ കത്ത്.
7. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.17

**ഉത്തരവ്**

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ നിയമത്തോടുള്ള ബഹുമാനം, അച്ചടക്കം, പൗരബോധം, സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളോട് ദയാവായ്പ്, സാമൂഹ്യ വിപത്തുകളെ ചെറുത്ത് നിൽക്കാനുള്ള കഴിവ് എന്നീ ഗുണങ്ങൾ പാകി, യുവാക്കളിൽ നൈസർഗ്ഗികമായ കഴിവുകൾ പരിപോഷിപ്പിക്കുവാനും അതുവഴി അസഹിഷ്ണുത, ലഹരി ഉപയോഗം, അച്ചടക്കമില്ലായ്മ, അക്രമം മുതലായ നിഷേധാത്മക പ്രവണതകളെ പ്രതിരോധിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും, വിദ്യാർത്ഥികളിൽ തങ്ങളുടെ കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോട് പ്രതിബദ്ധത വളർത്തുവാനും ലക്ഷ്യമിട്ട്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, പോലീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക്, അവരുടെ തനത് ഫണ്ടിൽ നിന്നും 50,000

രൂപയിൽ കവിയാത്ത തുക ചെലവഴിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഈ അനുമതി, സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിനായി വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നത് കഴിച്ചുള്ള തുക, സ്കൂൾ ഒന്നിന് 20,000 രൂപയിൽ അധികരിക്കാതെ, ജില്ലാ പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും വിനിയോഗിക്കാവുന്നതാണ് എന്ന തരത്തിൽ, പരാമർശം 2 മാർഗ്ഗരേഖ ഉത്തരവിലെ ഖണ്ഡിക 7.4.4 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

2. ഇതിനുപരിയായി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി അതത് വർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്നുകൂടി തുക ചെലവ് ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിനിയോഗിക്കാത്ത പ്ലാൻ ഫണ്ട് പദ്ധതിക്കായി അനുവദിക്കണമെന്നും, ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് അവരുടെ പ്രദേശത്തുള്ള സ്റ്റുഡന്റ് പോലിസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക് അതിനായി 25,000 രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് സ്കൂൾ ഒന്നിന് 25,000 രൂപയും, നഗരഭരണ സ്ഥാപനങ്ങൾക്ക് സ്കൂൾ ഒന്നിന് 50,000 രൂപയും ചെലവ് ചെയ്യുന്നതിന് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി 50,000/- രൂപയിൽ കവിയാത്ത തുക അനുവദിക്കാൻ പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നത് പുനഃസ്ഥാപിക്കണമെന്നും, കോർപ്പറേഷൻ പരിധിയിൽ പദ്ധതി വിഹിതം 75,000/- രൂപയാക്കി വർദ്ധിപ്പിച്ചു നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം 6 പ്രകാരവും അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീമിന്റെ പ്രാധാന്യം കണക്കിലെടുത്ത്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ആവശ്യപ്രകാരം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിന് അധിക നിരക്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് തുക വകയിരുത്തുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരവും, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പരാമർശം 5 പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

4. പരാമർശിത യോഗതീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ സംബന്ധിക്കുന്ന, തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം 2 മാർഗരേഖയുടെ ഖണ്ഡിക 7.4.4 ചുവടെ പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

"**7.4.4. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം** : സർക്കാർ എയ്ഡഡ് ഹൈസ്കൂളുകൾ, സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് Student Police Cadet (SPC) പരിശീലനത്തിനായി പോലീസ് വകുപ്പിൽ നിന്നും ലഭിക്കുന്നത് കഴിച്ചുള്ള തുക, തനത് ഫണ്ട്, തനത് ഫണ്ട് ഇല്ലെങ്കിൽ വികസന ഫണ്ട് (സാധാരണ വിഹിതം) എന്നിവ ഉപയോഗിച്ച് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. ഇതിനായി കോർപ്പറേഷനുകൾക്ക് ഒരു സ്കൂളിന് 75,000 രൂപയും, മുനിസിപ്പാലിറ്റികളടക്കമുള്ള മറ്റ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഒരു സ്കൂളിന് 50,000 രൂപയും വകയിരുത്താവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റെയും വിഹിതം ചേർത്ത്

വേണം പരമാവധി 50,000 രൂപ ഉപയോഗിക്കേണ്ടത്. ഒരു സ്കൂളിനുള്ള ഗ്രാമ പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ആകെ വിഹിതം 50,000 രൂപയിൽ അധികരിക്കാത്തവിധം ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വിഹിതം സ്കൂളുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി സംയുക്തമായി പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്. "

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

JOINT SECRETARY

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. സംസ്ഥാന പോലീസ് മേധാവി
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. ആഭ്യന്തര വകുപ്പ് (D2/96/2023-HOME)
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by ഉത്തരവിൻ പ്രകാരം
Viraj K
Date: 28-06-2024 14:45:41
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്